ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : കേരളത്തിന്റെ നെല്ലറയായ കട്ടനാട്ടിലെ പാടങ്ങളിൽ പായൽ പിടിപ്പെട്ട കൃഷിചെയ്യാൻ സാധിക്കാതെ കർഷകർ ബുദ്ധിമുട്ടുന്നുണ്ട്. അതിലേക്ക ഈ പായൽ വാരി കൃഷി ചെയ്യുന്നതിനു സൗകര്യമുണ്ടാക്കികൊടുക്കത്തക്ക വിധത്തിൽ എന്തെങ്കിലും തീരുമാനം ഗവണ്മെൻറു ചെയ്യുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഇടക്കാലത്തു ഇങ്ങനെയൊരു ബുദ്ധിമുട്ട് വന്നിട്ടുണ്ട്. പായൽ വാരുന്നതിനു ഇപ്പോഴും സഹായമൊന്നും ചെയ്തു കൊടുത്തിട്ടില്ല. ഈ പ്രശ്നം ഡിപ്പാർട്ടുമെൻറ് പഠിച്ചുവരികയാണ്.

ശ്രീമതി കുസുമം : ട്രാക്ടേഴ്സിന്റെ ഉപയോഗ്യശൂന്യമാകുന്ന ഭാഗങ്ങൾ നന്നാക്കുന്നതിനു ആവശ്യമായ സ്പെയർ പാർട്സ് കിട്ടുന്നില്ല എന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ട്രാക്ടേഴ്സുകൾ വളരെ കുറച്ചുമാത്രമേ ഇവിടെയുള്ളൂ. ഒരു സ്പെഷ്യൽ സിംഗ് സ്റ്റേഷനായി ഉപയോഗിക്കത്തക്കവണ്ണം വർദ്ധനവ് ഉണ്ടായിട്ടില്ല.

ശ്രീ. കെ. ഹസ്സൻഗനി : നെൽകൃഷിക്കുവേണ്ടി കർഷകർക്കു നൽകുന്ന ഷോർട്ടടേം ലോണിനു ഏഴേമുക്കാൽ ശതമാനം പലിശ വാങ്ങിക്കുന്നുണ്ട്. മറ്റു ചില വ്യവസായങ്ങൾക്കു നൽകുന്നതു അഞ്ചു ശതമാനത്തിനാണ്.ഇങ്ങനെ കൂടുതൽ പലിശ കൊടുക്കേണ്ടിവരുന്നതു പല ഏജൻസികളും വഴി കിട്ടേണ്ടി വരുന്നതുകൊണ്ടാണ്. അതുകൊണ്ട് വായ്പ ഡിപ്പാർട്ടുമെൻറു നേരിട്ട് നൽകുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ഇ. പി. പൗലോസ് : സബ്സിഡി കോവാപ്പറേറ്റീവ് സൊസൈറ്റിവഴി ഗവണ്മെൻറു നേരിട്ടു കൊടുക്കുന്നതു ആറേകാൽ ശതമാനം വ്യവസ്ഥയിലാണ്. സൊസൈറ്റികൾവഴി കൊടുക്കുന്നതു ഏഴേമുക്കാൽ ശതമാനത്തിലാണ്.

ശ്രീ. കെ. സി. ഏബ്രഹാം : നെൽകൃഷി നടത്തുന്നതിലേയ്ക്കു വൈപ്പിൻ കരയിലെ കൃഷിക്കാർ ആവശ്യപ്പെടുന്ന ഒരു കാര്യം 'ഡീ വാട്ടറിംഗ്' മാത്രമാണ്. അതു ഗവണ്മെൻറു കാര്യമായി പരിഗണിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : വിവരങ്ങൾ എഴുതിത്തന്നാൽ അതേപ്പറ്റി അന്വേഷിക്കാം.

(ii) WRITTEN ANSWERS

അരിവില വർദ്ധനവ്

*505. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായിട്ടുള്ള അരിവിലവർദ്ധനവ് തടയുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) സംസ്ഥാനത്തിൽ കഴിഞ്ഞ ഡിസംബർ മാസത്തിലുണ്ടായ അരിവിലവർദ്ധനവു തടയുന്നതിനായി ഗവണ്മെൻറ് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആന്ധ്രായിൽനിന്നും കേരളത്തിലേക്ക് ധാരാളം അരി അയയ്ക്കുന്നതിനു കൂടുതൽ റെയിൽവേ വാഗണുകൾ നൽകുന്നതിനു റെയിൽവേ അധികൃതരുമായി വേണ്ട ഏർപ്പാടുകൾ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലേക്ക് അയയ്ക്കുന്ന വാഗണുകളും റെയിൽവേ ജംഗ്ഷനുകളിൽ താമസിപ്പിക്കാതെ വേഗത്തിൽ നേരിട്ട് ഇവിടെ എത്തിക്കുന്നതിനു് നടപടി കളും സ്വീകരിച്ചു. കൂടാതെ പ്രധാനപ്പെട്ട റെയിൽവേ ജംഗ്ഷനുകളും സന്ദർശിച്ചു് അവിടെ കേരളത്തിലേക്കുള്ള അരിവാഗണുകളും താമസിച്ചു കിടപ്പുണ്ടെങ്കിൽ അവയെ ഉടനടി അയപ്പിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചു. സ്പെഷ്യലാഫീസർ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളും സന്ദർശിച്ചു് സത്വര നടപടികളും സ്വീകരിച്ചു. തന്മൂലം കൂടുതൽ അരി പെട്ടെന്നു് കേരളത്തിൽ എത്തിക്കുന്നതിനു സാധിച്ചു.

ന്യായവില ഡിപ്പോകളിൽകൂടി കൂടുതൽ അരി വിതരണം ചെയ്യുന്നതിലേക്കായി കേന്ദ്രഗവണ്മെന്റിൽനിന്നും 5000 ടൺ അരി സ്പെഷ്യൽ കോട്ടയായി സമ്പാദിച്ചു. ഈ സ്റ്റോക്കു് ഉപയോഗിച്ചു് 22–12–1963 മുതൽ രണ്ടാഴ്ചക്കാലത്തേക്കു് ന്യായവില ഷാപ്പുകളിൽകൂടി കാർഡൊന്നിനു് രണ്ടിടങ്ങഴി അരിവീതം വിതരണം നടത്തുകയുണ്ടായി.

ജില്ലാ കളക്ടർമാർ മൊത്തവ്യാപാരികളെ വിളിച്ചുകൂട്ടി അമിത ലാഭേച്ഛയെ നിരുത്സാഹപ്പെടുത്തുകയും അവരുടെ സഹകരണം സമ്പാദിക്കുകയും ചെയ്തു.

കടലാക്രമണനിരോധനത്തെ സംബന്ധിച്ച റിപ്പോർട്ടു്.

* 506. [6] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമേരിക്കയിൽനിന്നു് കടലാക്രമണനിരോധന വിദഗ്ദ്ധൻ കേരളത്തിൽ വന്നു് പരിശോധന നടത്തി വല്ല റിപ്പോർട്ടും ഗവണ്മെന്റിനു് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലെ നിർദ്ദേശങ്ങൾ എന്താണു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) കേന്ദ്രഗവണ്മെന്റിനു സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി ഈ ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടു്.

(ബി) റിപ്പോർട്ടിലടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളുടെ ലിസ്റ്റു് * മേശപ്പുറത്തു വച്ചിട്ടുണ്ടു്.

വിഷവൈദ്യശാലകൾ.

* 507. [17] ശ്രീ. കെ. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ എത്ര വിഷവൈദ്യശാലകൾ ഉണ്ടു് ;

(ബി) അവയിൽ എത്ര ഗവണ്മെന്റു നേരിട്ടു നടത്തുന്നു ; എത്ര എണ്ണത്തിനു ഗ്രാന്റുകൾ നൽകുന്നു :

(സി) ഓരോ വില്ലേജിലും കുറഞ്ഞതു് ഓരോ വിഷവൈദ്യശാല സ്ഥാപിക്കുന്നതിനെപ്പറ്റിയോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപനങ്ങൾക്കു ധനസഹായം ചെയ്യുന്നതിനെപ്പറ്റിയോ ഗവണ്മെന്റു് ആലോചിച്ചിട്ടുണ്ടോ ;

(ഡി) വിഷവൈദ്യശാലകൾക്കു് അംഗീകാരം കൊടുക്കുമ്പോൾ കിഴക്കൻപ്രദേശങ്ങൾക്കു് മുൻഗണന കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

* Appendix IV.

LIBRARY ARCHIVES Kerala Legislative Assembly